"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പതാരം ശാന്തിനികേതനം മോഡൽ ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി.(മാത്സ്) ആയ ശ്രീമതി. നീതുലക്ഷ്മി എസ്. സമർപ്പിച്ച ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1660/2023/GEDN    തീയതി, തിരുവനന്തപുരം, 01-03-2023

---

പരാമർശം:-

1. ശ്രീമതി. നീതുലക്ഷ്മി എസ്.ന്റെ **03.09.2021**-ലെ റിവിഷൻ ഹർജി
2. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ **31.01.2023**-ലെ **DDEKLM/690/2023-B4** നമ്പർ കത്ത്
3. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **04.02.2023**-ലെ **DEOKTR/254/2023-B4** നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **06.02.2023**-ലെ ഇടി**1/1950/2023/**ഡി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം കൊട്ടാരക്കര പതാരം ശാന്തിനികേതനം മോഡൽ ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി.(മാത്സ്) ആയ ശ്രീമതി.നീതുലക്ഷ്മി എസ്. സമർപ്പിച്ച ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി **08.02.2023** തീയതിയിൽ ഹിയറിംഗ് നടത്തുകയുണ്ടായി. **Google meet** മുഖേന നടത്തിയ ടി ഹിയറിംഗിൽ ഹർജിക്കാരി, മാനേജർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ പ്രതിനിധികൾ പങ്കെടുത്തു.

**2) ശ്രീമതി.നീതുലക്ഷ്മി എസ്.ന്റെ ഹർജിയുടെ സാരാംശം ഇപ്രകാരമാണ് :**

“**2016 - 2017** വർഷത്തിൽ പതാരം ശാന്തിനികേതനം മോഡൽ ഹയർ സെക്കൻററി സ്കൂളിൽ കൊട്ടാരക്കര ജില്ല വിദ്യാഭ്യാസ അധികാരി

നിയമാനുസൃതമുള്ള തസ്തിക ഉത്തരവിൽ ഹൈസ്കൂൾ അധ്യാപകന്റെ ഗണിത വിഭാഗത്തിൽ ഒരു അധിക തസ്തിക അനുവദിക്കുകയും അതിൽ സ്കൂൾ മാനേജർ ശ്രീ.രഞ്ജിത്ത് എ.ആർ. എന്ന ആളെ ടിയാന്റെ യോഗ്യതയുടെയും പ്രായപരിധിയുടെയും അടിസ്ഥാനത്തിൽ അർഹനെന്ന് കണ്ട് 15.07.2016 മുതൽ നിയമിക്കുകയും നിയമന അംഗീകാരം തേടുകയും ഉണ്ടായി. എന്നാൽ 2016-2017 മുതലുള്ള കാലഘട്ടത്തിൽ, സർക്കാർ 12.01.2010-ൽ പുറപ്പെടുവിച്ചിരുന്ന G.O.(P)No.10/10/G.Edn-ൽ നിഷ്കർഷിച്ചിരിക്കുന്ന ഒരു അധിക തസ്തികയ്ക്ക് ഒരു സംരക്ഷിത അധ്യാപകൻ (Protected Teacher) എന്ന അനുപാതം (1:1 Ratio) പാലിച്ചിരുന്നില്ല എന്ന കാരണത്താൽ ഈ കാലയളവിലെ നിയമനങ്ങൾ തടസ്സപ്പെടുകയും, നിരവധി ഹർജികൾ ബഹു.സുപ്രീംകോടതിയിൽ നിലനിൽക്കുകയും, 12.01.2010-ലെ സംരക്ഷിത അധ്യാപക (Protected Teacher) നിയമനവുമായി ബന്ധപ്പെട്ട് രണ്ട് സർക്കാർ നിർദ്ദേശങ്ങളും ബഹു. സുപ്രീംകോടതി സ്റ്റേ ചെയ്യുകയും പ്രസ്തുത സ്റ്റേ ഇപ്പോഴും നിലനിൽക്കുന്നതും ആണ്. ബഹു.സുപ്രീംകോടതിയിൽ ഇത് സംബന്ധിച്ച പ്രത്യേക അനുമതി ഹർജി സ്കൂൾ മാനേജരും മറ്റുള്ളവരും (SLP(C)21623/2017) ഫയൽ ചെയ്യുകയും സ്റ്റേ ഉത്തരവ് നേടുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നു.

KER Amendment G.O.(P)No.199/2016/G.Edn തീയതി 3.12.2016-ന് എതിരെയും സ്കൂൾ മാനേജർ ഹർജി ഫയൽ ചെയ്യുകയും പ്രസ്തുത ഹർജിയിലും സ്റ്റേ നേടിയിട്ടുള്ളതുമാണ് (W.A.No. 2440/2017). ബഹു. ഹൈക്കോടതി നൽകിയ പ്രസ്തുത സ്റ്റേയും ഇപ്പോഴും നിലവിലുണ്ട്. ഇത് കൂടാതെ തന്നെ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ട ട്രാൻസ്ഫർ പെറ്റീഷൻ നമ്പർ TP(C)No. 2191/2018 കേസിലെ 12.04.2019-ലെ ഉത്തരവും ട്രാൻസ്ഫർ പെറ്റീഷൻ TP(C)No.2128/2019 കേസിലെ 28.02.2019-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പ്രകാരവും 1:1 സംരക്ഷിത അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന (Challenge against GO(P)No.10/10/G.Edn dated 12.01.2010) സിവിൽ അപ്പീൽ നമ്പർ 3490/2016 തീർപ്പ് കൽപ്പിക്കുന്നത് വരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 2016-ലെ KER Amendment കേസിലും (WA 2440/2017 & Connected Cases) 2019-ലെ G.O.(P)No.3/2019/G.Edn dated 28.02.2019 പ്രകാരമുള്ള KER Amendment കേസിലും

(WP(C)25791/2019 & Connected Cases)കേരള ഹൈക്കോടതി യാതൊരു ഉത്തരവുകളും പാസാക്കാൻ പാടില്ലാത്തതാണ് എന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഇന്നും നിലനിൽക്കുന്നു.

എന്നാൽ 1.06.2016 മുതൽ 31.05.2020 വരെ എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകളിൽ ഉൾപ്പെടെ നിയമിക്കപ്പെട്ട എല്ലാ അധ്യാപകരുടെയും നിയമന അംഗീകാരം നൽകുന്നതിനായി സർക്കാർ G.O.(P)4/2021/G.Edn dated 06.2.2021, അതിനുശേഷം 25.02.2021-ൽ നം. J2/87/2020 G.Edn എന്നിവ പുറപ്പെടുവിച്ചു. അതിനെ തുടർന്ന് വിദ്യാഭ്യാസ ഡയറക്ടർ 26.02.2021-ൽ No.H2/19500/2019/D.G.Edn എന്ന നിർദ്ദേശങ്ങളും പുറപ്പെടുവിക്കുകയുണ്ടായി. ഈ നിർദ്ദേശങ്ങളെ തുടർന്ന് സ്കൂൾ മാനേജർ സ്കൂളിലെ ഗണിത അധ്യാപകനായി നിയമിച്ചിരുന്ന ശ്രീ.എ.ആർ. രഞ്ജിത്തിന് 15.07.2016 മുതൽ നിയമനം അംഗീകരിച്ചു നൽകുന്നതിന് കൊട്ടാരക്കര ജില്ലാ ഓഫീസർക്ക് നിയമന ഉത്തരവും അനുബന്ധ രേഖകളും പുനഃസമർപ്പിക്കുന്നതിന് പ്രസ്തുത രേഖകൾ ടിയാനിൽ നിന്നും ആവശ്യപ്പെട്ടു. എന്നാൽ ശ്രീ.രഞ്ജിത്ത് എ.ആർ. എന്ന ടി ഗണിത അധ്യാപകൻ 03.03.2021 മുതൽ താൻ സ്കൂൾ സർവീസിൽ നിന്നും രാജി വച്ചിരിക്കുന്നതിനാൽ നിയമന അംഗീകാരം ആവശ്യമില്ലെന്ന് മാനേജരെ പ്രഥമ അധ്യാപകൻ മുഖേന രേഖാമൂലം അറിയിക്കുകയുണ്ടായി.

നിയമന അംഗീകാരമുള്ള ഒരു എയ്ഡഡ് സ്കൂൾ അധ്യാപകന്റെ രാജി സ്വീകരിക്കുന്നതിനു മാത്രമേ KER Chapter XIV A Rule 48 വ്യവസ്ഥ ചെയ്യുന്നുള്ളൂ. കാരണം, എയ്ഡഡ് അധ്യാപകന്റെ നിയമനം അതിന് അംഗീകാരം ലഭിക്കുന്ന തീയതി മുതൽ മാത്രമേ പ്രാബല്യം ഉണ്ടാവുകയുള്ളൂ എന്നതാണ് വ്യവസ്ഥ. ബഹു. കേരള ഹൈക്കോടതി ILR 1972 (1) Ker 795, 1981 KLN 629 എന്നീ വിധിന്യായങ്ങളിൽ ഒരു എയ്ഡഡ് സ്കൂൾ മാനേജർക്ക് വിദ്യാഭ്യാസ അധികാരിയുടെ നിയമന അംഗീകാരം ലഭിക്കുന്നതിന് മുമ്പ് ശരിയായ കാരണങ്ങളാൽ നിയമനം പിൻവലിക്കാൻ അധികാരം ഉണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ ശ്രീ.രഞ്ജിത്ത് എ.ആർ. എന്ന ഗണിത അധ്യാപകന്റെ കാര്യത്തിൽ ടിയാൻ ജോലിയിൽ നിന്ന് സ്വയമേവ പിന്മാറുകയും അദ്ദേഹത്തിന്റെ വ്യക്തിപരമായ കാരണങ്ങളാൽ സ്കൂളിൽ ഗണിത അധ്യാപകനായി തുടരുന്നതിന് സാധിക്കുന്നില്ല എന്ന്

വ്യക്തമാക്കുകയും ചെയ്തിരുന്നു. ഇക്കാര്യം കൊട്ടാരക്കര വിദ്യാഭ്യാസ അധികാരി പ്രസ്തുത നടപടികൾ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തു.

അതിനെ തുടർന്നാണ് 15.07.2021 മുതൽ ഹർജിക്കാരിയെ ഗണിത അധ്യാപികയായി യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്കൂൾ മാനേജർ നിയമിച്ചത്. പ്രസ്തുത തസ്തിക 15.07.2016 മുതൽ അനുമതിയോടെ തസ്തിക നിർണയത്തിൽ നിലനിൽക്കുന്നതാണ്. 2016-2017-ൽ മാത്രമായിരുന്നു പ്രസ്തുത ഗണിത അധ്യാപക തസ്തിക അധികതസ്തിക എന്ന് വിശേഷിപ്പിച്ചിരുന്നത്. 2017-18 മുതൽ ഇത് അധികതസ്തിക അല്ല. മാത്രവുമല്ല G.O.(Ms)No.136/2021/G.Edn dtd 31.03.2021 പ്രകാരം അധികതസ്തിക എന്നൊന്ന് ഇല്ല എന്നും അങ്ങനെ നാമകരണം ചെയ്തിരുന്നത് നിയമപരമല്ല എന്നും സ്റ്റാറ്റ്യൂട്ട് പ്രകാരം എല്ലാം റെഗുലർ തസ്തികൾ തന്നെ എന്നും സർക്കാർ തന്നെ വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ അധികതസ്തിക എന്ന കാരണം പറഞ്ഞു നിയമനാംഗീകാരം നിരസിക്കുന്നതിന് യാതൊരു വ്യവസ്ഥയും ഇല്ലെന്ന് സൂചിപ്പിച്ചു കൊള്ളട്ടെ.

യഥാർത്ഥത്തിൽ എസ്.എം.എച്ച്.എസ്.എസ്. ൽ 15.07.2016 മുതൽ അനുവദിച്ച HST ഗണിതം റെഗുലർ തസ്തികയിൽ ശ്രീ.രഞ്ജിത്ത് എ.ആർ. എന്നയാളെ നിയമിക്കുകയും, 15.07.2016 മുതൽ 02.03.2021 വരെ അംഗീകാരമില്ലാതെ സർവീസിൽ തുടരുകയും, 03.03.2021-ൽ സ്വന്തം താല്പര്യ പ്രകാരം നിയമനം ഉപേക്ഷിച്ചു പോവുകയും ചെയ്തു. ടിയാൻ നിയമനം ഉപേക്ഷിക്കാതെ സർവീസിൽ തുടർന്നിരുന്നു എങ്കിൽ ടിയാന് 15.07.2016 മുതൽ നോഷണൽ ആയി അംഗീകാരം നൽകുകയും 06.02.2021 മുതൽ സാമ്പത്തിക ആനുകൂല്യം അനുവദിക്കുകയും ചെയ്യണമായിരുന്നു. എന്നാൽ ടിയാൻ രാജിവച്ചതിനെ തുടർന്ന് നിയമനം പിൻവലിച്ചതിനാൽ ടിയാന് യാതൊരു ആനുകൂല്യത്തിനും അർഹതയില്ല. ടിയാന്റെ 15.07.2016 മുതൽ 02.03.2021 വരെയുള്ള കാലയളവ് പെൻഷൻ ഉൾപ്പെടെയുള്ള ഒരു ആനുകൂല്യത്തിനും പരിഗണിക്കാൻ സാധ്യമല്ല. (Rule 29(a) Part III KSRs). 03.03.2021-ൽ ടി രഞ്ജിത്ത് എ.ആർ. നിയമനം ഉപേക്ഷിച്ച് പോയ സാഹചര്യത്തിലാണ് 15.7.2021-ൽ ശ്രീമതി.നീതുലക്ഷ്മി എസ്.നെ ഹൈസ്കൂൾ വിഭാഗം ഗണിത അധ്യാപികയായി നിയമിച്ചത്. പ്രസ്തുത നിയമനം G.O.(Rt)No.3287/2021/G.EDN dated 06.07.2021-ന്റെ പരിധിയിലും വരുന്നു.

അംഗീകാരമില്ലാതെ കഴിഞ്ഞ ഒരു അധ്യാപകനും മുൻഗണന അവകാശം ഇല്ല. ഒരു വർഷം എങ്കിലും അനുമതിയുള്ള തസ്തികയിൽ അംഗീകാരം നേടിയ അധ്യാപകന് മാത്രമേ പുനർനിയമനത്തിന് മുൻഗണന അർഹതയുള്ളൂ. ശ്രീ.രഞ്ജിത്ത് എ.ആർ.ന് അതിനും അർഹതയില്ല.

ശ്രീ.രഞ്ജിത്ത് എ.ആർ. എന്നയാളെ നിയമാനുസൃതം ഒഴിവാക്കിയ തസ്തികയിലാണ് നിലവിൽ എന്നെ **15.07.2021** മുതൽ ഗണിത അധ്യാപികയായി നിയമിച്ചത്. ഹർജിക്കാരിക്ക് **15.07.2021** മുതൽ മാത്രമേ ശമ്പളത്തിനും ആനുകൂല്യങ്ങൾക്കും അർഹതയുള്ളൂ. എന്നാൽ ശ്രീ.എ.ആർ.രഞ്ജിത്ത് നിയമനം ഉപേക്ഷിക്കാതെ ഗണിത അധ്യാപകനായി സ്കൂളിൽ തുടർന്നിരുന്നുവെങ്കിൽ ടിയാന് **15.7.2016** മുതൽ **5.2.2021** വരെ നോഷണൽ ആയും **6.2.2021** മുതൽ സാമ്പത്തിക ആനുകൂല്യത്തോടു കൂടിയും നിയമന അംഗീകാരം **G.O.(P)No.4/2021/G.Edn dated 06.02.2021** പ്രകാരം നൽകണമായിരുന്നു. എന്നാൽ നിയമനം ഉപേക്ഷിച്ചതു കൊണ്ട് ടിയാന് അത് നൽകേണ്ടതില്ല. മറിച്ച് ടിയാന്റെ ഒഴിവിൽ നിയമിക്കപ്പെട്ട ഹർജിക്കാരിക്ക് **15.7.2021** മുതൽ മാത്രം അംഗീകാരവും ആനുകൂല്യങ്ങളും നൽകിയാൽ മതിയാകും. യഥാർത്ഥത്തിൽ പ്രസ്തുത നിയമനം വഴി സർക്കാരിന് **15.7.2021** മുതൽ മാത്രമേ സാമ്പത്തിക ബാധ്യതയുള്ളൂ. ടി.രഞ്ജിത് എ.ആർ. ന് **HST** ഗണിത അധ്യാപകനായി അംഗീകാരം നൽകിയിരുന്നുവെങ്കിൽ **6.02.2021** മുതൽ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുമായിരുന്നു. ഫലത്തിൽ ശ്രീ എ.ആർ.രഞ്ജിത്തിന്റെ ഗണിത അധ്യാപകൻ ആയുള്ള നിയമനം കൊട്ടാരക്കര വിദ്യാഭ്യാസ അധികാരിയുടെ അനുമതിയോടെ **15.7.2016** മുതൽ പിൻവലിക്കുകയും, പ്രസ്തുത തസ്തികയിൽ എന്നെ നിയമിക്കുകയും വഴി സർക്കാരിന് സാമ്പത്തിക നേട്ടം മാത്രമേ ഉണ്ടായിട്ടുള്ളൂ. **15.07.2016** മുതൽ ടി സ്കൂളിൽ മാനേജർ നടത്തിയ മറ്റു മൂന്നു നിയമനങ്ങൾ **[HST(ഇംഗ്ലീഷ്), HST(സോഷ്യൽ സയൻസ്), HST(മലയാളം)]** അവരവരുടെ യഥാർത്ഥ നിയമന തീയതി മുതൽ **G.O.(P)No. 04/2021/G.Edn dated 06.02.2021** പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

**G.O.(P)No.04/2021/G.Edn dated 06.02.2021** പുറപ്പെടുവിച്ച ശേഷം **2016** മുതലുള്ള എയ്ഡഡ് സ്കൂൾ നിയമന അംഗീകാരങ്ങൾ സമയബന്ധിതമായി അംഗീകരിക്കാൻ സർക്കാരും വിദ്യാഭ്യാസ ഡയറക്ടറും

കാലാകാലങ്ങളിൽ നിരവധി സർക്കുലറുകളും മാർഗ്ഗനിർദേശങ്ങളും പുറപ്പെടുവിച്ചിട്ടും ചില വിദ്യാഭ്യാസ അധികാരികൾ നിയമവിരുദ്ധമായി നിയമന അംഗീകാരങ്ങൾ വൈകിപ്പിച്ചത് ബഹുമാനപ്പെട്ട സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടപ്പോൾ 2016-2020 കാലഘട്ടത്തിലെ എല്ലാ നിയമനങ്ങളും നിയമാനുസൃതമായി അംഗീകരിച്ചു നൽകാൻ സർക്കാർ 23.01.2023-ൽ പുറപ്പെടുവിച്ച G.O.(P)No.02/2023/G.Edn വ്യക്തമായി വ്യവസ്ഥ ചെയ്യുന്നു. മേൽ സാഹചര്യത്തിൽ ഹർജിക്കാരിയുടെ ഹൈസ്കൂൾ വിഭാഗം ഗണിത അധ്യാപികയായുള്ള നിയമനം 15.07.2021 മുതൽ നിലവിൽ അനുമതിയുള്ള തസ്തികളുടെയും ഒഴിവിന്റെയും അടിസ്ഥാനത്തിൽ അംഗീകരിച്ച് ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു."

3) പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു:

"കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ അധികാരപരിധിയിലുള്ള പതാരം എസ്.എം.എച്ച്.എസ്.എസ്. ൽ 2016-17 വർഷത്തിൽ അനുവദിച്ച എച്ച്.എസ്.റ്റി (ഗണിതം) അധിക തസ്തികയിൽ ശ്രീ. രഞ്ജിത്ത് എ.ആർ. എന്നയാളെ 01/06/2016 മുതൽ നിയമിക്കുകയും, നിയമന അപേക്ഷയും അനുബന്ധ രേഖകളും കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുൻപാകെ അംഗീകാരത്തിനായി സമർപ്പിക്കുകയും, പ്രസ്തുത നിയമനം പിൻവലിക്കുന്നതിനായി മാനേജരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവാദം നൽകുകയും ചെയ്തു. 2016-17 അദ്ധ്യയന വർഷത്തിൽ അനുവദിച്ച അധിക തസ്തികയിലാണ് ശ്രീമതി. നീതുലക്ഷ്മി എസ്. നെ 15/07/2021 മുതൽ നിയമിച്ചിരിക്കുന്നത്. 2019-20-ലെ തസ്തികനിർണയം അനുസരിച്ച് വിരമിക്കൽ/മരണം/രാജി എന്നിവ മൂലമുണ്ടാകുന്ന ഒഴിവുകളിൽ നടത്തുന്ന നിയമനങ്ങൾക്ക് മാത്രമേ അംഗീകാരം നൽകാൻ സാധിക്കുകയുള്ളു എന്നതിനാൽ ശ്രീമതി.നീതുലക്ഷ്മി എസ്. ന്റെ 15/07/2021 മുതലുള്ള എച്ച്.എസ്.റ്റി (മാത്സ്) അധിക തസ്തികയിലുള്ള നിയമനം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകി.

അതിനെതിരെ മാനേജർ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ മുൻപാകെ സമർപ്പിച്ച അപ്പീൽ പരിശോധിച്ചതിൽ, കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(2)

പ്രകാരമുള്ള സംരക്ഷിത അധ്യാപക നിയമന വ്യവസ്ഥകൾ ബഹു. സുപ്രീം കോടതി, ബഹു. ഹൈക്കോടതി വിധികൾക്ക് വിധേയമായി പാലിക്കുന്നതാണെന്ന 06/02/2021-ലെ സ.ഉ.(പി)നം.04/2021/പൊ.വി.വ., 26/02/2021-ലെ എച്ച്2/19500/2021/ഡി.ജി.ഇ സർക്കുലർ പ്രകാരമുള്ള സത്യപ്രസ്താവന സ്കൂൾ മാനേജർ സമർപ്പിച്ച് 2016-17 മുതൽ 2019-20 വരെയുള്ള നിയമനങ്ങൾക്ക് അംഗീകാരം നേടിയെടുത്തിട്ടുള്ളതിനാലും, 06/02/2021-ലെ സ.ഉ.(പി)നം.04/2021/പൊ.വി.വ, 26/02/2021-ലെ എച്ച്2/19500/2021/ഡി.ജി.ഇ സർക്കുലർ എന്നിവയിലെ ഇളവുകൾ 2016-17 വർഷം മുതൽ 2019-2020 വർഷം വരെയുള്ള നിയമനങ്ങൾക്ക് മാത്രം ആണ് ബാധകമെന്ന് 06/02/2021-ലെ സ.ഉ.(പി)നം.04/2021/പൊ.വി.വ. ഖണ്ഡിക 10-ൽ പരാമർശിച്ചിട്ടുള്ളതിനാലും, 2016-17 അദ്ധ്യയന വർഷത്തിൽ അനുവദിച്ച അധികതസ്തികയിൽ 15/07/2021 മുതലാണ് ശ്രീമതി.നീതുലക്ഷ്മി എസ്.ന്റെ നിയമനം എന്നതിനാൽ കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(2) പ്രകാരമുള്ള സംരക്ഷിത അധ്യാപക നിയമന വ്യവസ്ഥകൾ പാലിക്കാൻ മാനേജർ ബാധ്യസ്ഥനാണ് എന്ന് കണ്ടതിനാലും, പ്രസ്തുത അപ്പീൽ ഹർജി പരിഗണനാർഹമല്ല എന്ന് വിലയിരുത്തി നിരസിച്ചു നൽകിയിരുന്നു.

അതിനെതിരെ, ഈ കാര്യാലയത്തിൽ നൽകിയ റിവിഷൻ ഹർജിയും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീമതി. നീതുലക്ഷ്മി എസ്.ന്റെ 15/07/2021 മുതലുള്ള എച്ച്.എസ്.റ്റി.(മാത്സ്) അധിക തസ്തികയിലുള്ള നിയമനം നിരസിക്കുന്നതിന് ആധാരമാക്കിയ കാരണങ്ങൾ നിലനിർത്തിക്കൊണ്ട് നിരസിച്ചു നൽകി. ടി ഉത്തരവിനെതിരെയാണ് ശ്രീമതി. നീതുലക്ഷ്മി എസ്. സർക്കാരിന് മുൻപാകെ റിവിഷൻ ഹർജി ഫയൽ ചെയ്തിട്ടുള്ളത്. 23/01/2023-ലെ ജി.ഒ.(പി)നം.2/2023/ജി.ഇ.ഡി.എൻ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്പഷ്ടീകരണ ഉത്തരവിന്റെ ഖണ്ഡിക V-ൽ 2016-17 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള അധിക തസ്തികകളിലെ ഒഴിവുകളിൽ 2019-2020-ന് ശേഷം നിയമനം നടത്തിയിട്ടുള്ള കേസുകളിൽ മാനേജർ 06/02/2021-ലെ സ.ഉ.(പി)നം.4/2021/പൊ.വി.വ പ്രകാരമുള്ള സത്യപ്രസ്താവന സമർപ്പിക്കുകയാണെങ്കിൽ അത്തരം നിയമനങ്ങൾക്കും, അവ മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമാണെങ്കിൽ നിയമനതീയതി മുതൽ തന്നെ നോഷണലായി അംഗീകാരം

നൽകാവുന്നതാണെന്നും, അത്തരം നിയമനാംഗീകാരങ്ങളുടെ സാമ്പത്തികാനുകൂല്യത്തിനുള്ള അർഹത, സർക്കാർ ഉത്തരവിന്റെ തീയതിയായ **23/01/2023** മുതൽ മാത്രമേ ഉണ്ടായിരിക്കുകയുള്ളു എന്നും വ്യക്തമാക്കിയിരുന്നു. സ്കൂൾ മാനേജർ **06/02/2021**-ലെ സ.ഉ.(പി)നം.**4/2021**/പൊ.വി.വ പ്രകാരമുള്ള സത്യപ്രസ്താവന സമർപ്പിച്ച് **2016-2017** മുതൽ **2019-2020** വരെയുള്ള നിയമനങ്ങൾക്ക് അംഗീകാരം നേടിയെടുത്തിട്ടുള്ളതിനാൽ, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നിയമന വ്യവസ്ഥകൾ ടി സ്കൂളിന്റെ കാര്യത്തിൽ പാലിക്കുന്ന മുറയ്ക്ക് **23/01/2023**-ലെ ജി.ഒ.(പി)നമ്പർ.**2/2023**/ജി.ഇ.ഡി.എൻ ഖണ്ഡിക **V**-ലെ സ്പഷ്ടീകരണത്തിന്റെ വെളിച്ചത്തിൽ, **2016-17** വർഷത്തെ അധിക തസ്തികയിലുള്ള ശ്രീമതി.നീതുലക്ഷ്മി എസ്.ന്റെ എച്ച്.എസ്.റ്റി.(കണക്ക്) ആയുള്ള **15/07/2021** മുതലുള്ള നിയമനം അംഗീകാരത്തിനായി പരിഗണിക്കാൻ കഴിയുന്നതാണ് എന്ന് വിലയിരുത്തുന്നു.”

**4)** ഹർജിക്കാരിയുടെയും മാനേജരുടെയും വാദങ്ങളും അവർ സമർപ്പിച്ച രേഖകളും, ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും, സർക്കാർ ഉത്തരവുകളുടെയും, കോടതി വിധികളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പതാരം ശാന്തിനികേതനം മോഡൽ ഹയർ സെക്കന്ററി സ്കൂളിലെ ശ്രീമതി.നീതുലക്ഷ്മിയുടെ ഹൈസ്കൂൾ ടീച്ചർ (മാത്സ്) നിയമനം **15.07.2021** മുതൽ അംഗീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

**5)** ടി വിഷയത്തിൽ താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു :

**I. 2016-17** അദ്ധ്യയനവർഷം അനുവദിച്ച എച്ച്.എസ്.ടി. (ഗണിതം) അധികതസ്തികയിൽ **01.06.2016** മുതൽ നിയമിച്ച ശ്രീ.രഞ്ജിത്ത് എ.ആർ. രാജി വച്ചതു മൂലമുണ്ടായ ഒഴിവിൽ **15.07.2021** മുതൽ ശ്രീമതി.നീതുലക്ഷ്മി എസ്.നെ മാനേജർ നിയമിച്ചു.

**II.** സ.ഉ.(സാധാ)നം.**3287/2021** തീയതി **06.07.2021** പ്രകാരം **2019-20**-ലെ തസ്തിക നിർണ്ണയം അനുസരിച്ച് വിരമിക്കൽ/മരണം/രാജി എന്നിവ മൂലമുണ്ടാകുന്ന ഒഴിവുകളിൽ നടത്തുന്ന ചട്ടപ്രകാരമുള്ള നിയമനങ്ങൾക്ക്

മാത്രമേ അംഗീകാരം നൽകുവാൻ സാധിക്കൂ എന്നതിനാലും, **KER** അധ്യായം **XXI** ചട്ടം **7(2)** പ്രകാരം സംരക്ഷിത അധ്യാപക നിയമന വ്യവസ്ഥകൾ മാനേജർ പാലിച്ചിട്ടില്ലാത്തതിനാലും വിദ്യാഭ്യാസ ഓഫീസർമാർ പ്രൊപ്പോസൽ നിരസിച്ചു.

**III. G.O.(P)No.2/2023/G.Edn dated 23.01.2023** ഖണ്ഡിക **V**-ൽ **2016-17** മുതൽ **2019-20** വരെയുള്ള വർഷങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള അധിക തസ്തികകളിലെ ഒഴിവുകളിൽ **2019-20**-ന് ശേഷം നിയമനം നടത്തിയിട്ടുള്ള കേസുകളിൽ, മാനേജർ **06.02.2021**-ലെ സ.ഉ.(പി)നം.**4/2021**/പൊ.വി.വ. പ്രകാരമുള്ള സത്യപ്രസ്താവന സമർപ്പിക്കുന്ന പക്ഷം, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നിയമനവ്യവസ്ഥകൾക്ക് വിധേയമായി ശ്രീമതി.നീതുലക്ഷ്മി എസ്.ന്റെ ഹൈസ്കൂൾ അസിസ്റ്റന്റ് (ഗണിതം) നിയമനം **15.07.2021** മുതൽ അംഗീകരിക്കാവുന്നതാണെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**6)** മേൽ സാഹചര്യത്തിൽ, ശ്രീമതി.നീതുലക്ഷ്മി എസ്.ന്റെ അധിക യു.പി.എസ്.ടി. തസ്തികയിലെ നിയമനം സ.ഉ.(പി)നം.**2/2023**/പൊ.വി.വ. തീയതി **23.01.2023** പ്രകാരം **15.07.2021** മുതൽ നോഷണലായും, ഉത്തരവ് തീയതിയായ **23.01.2023** മുതൽ സാമ്പത്തികാനുകൂല്യങ്ങളോടെയും, ടി കാലയളവിൽ ഒഴിവ് വ്യവസ്ഥാപിതമെന്ന് ഉറപ്പാക്കിയശേഷം, ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്ക് വിധേയമായി, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, അംഗീകരിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, അപ്രകാരം പതാരം ശാന്തിനികേതനം മോഡൽ ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി.(മാത്സ്) ആയ ശ്രീമതി.നീതുലക്ഷ്മി എസ്. സമർപ്പിച്ച ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

മാനേജർ, ശാന്തിനികേതനം മോഡൽ ഹയർ സെക്കന്ററി സ്കൂൾ, പതാരം, കൊല്ലം

ശ്രീമതി.നീതുലക്ഷ്മി എസ്., എച്ച്.എസ്.ടി.(മാത്സ്), ശാന്തിനികേതനം മോഡൽ ഹയർ സെക്കന്ററി സ്കൂൾ, പതാരം, കൊല്ലം

വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 01-03-2023 17:13:24

സെക്ഷൻ ഓഫീസർ